കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ

51 (3558) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് 4% ആയി സംവരണം ഉയർത്തിയപ്പോൾ, നിലവിൽ സർക്കാർ ഉത്തരവിൽ പറയുംപ്രകാരം 4% ടേൺ നിശ്ചയിച്ചു നൽകിവന്നിരുന്നത് അട്ടിമറിച്ച്, സർക്കാർ ഉത്തരവിലോ ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളിലോ പറയാത്ത കേഡർ സ്ട്രെങ്ത് അനുസരിച്ച് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2012-ൽ ഒരു ലാസ്റ്റ് ഗ്രേഡുകാരനെ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്തതിനുശേഷം കഴിഞ്ഞ മൂന്ന് വർഷമായി ഒരു ലോ പെയ്ഡ് സ്റ്റാഫിനെയും പ്രൊമോട്ട് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) 2006 മുതൽ 2011 ജനുവരി വരെ പി.എസ്.സി.യിൽ നിയമാനുസൃതം നടത്തിവന്നിരുന്ന ഈ പ്രൊമോഷൻ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള സർക്കാർ ഉത്തരവ് G.O.(Ms) No.196/2010/GAD dated 17/10/2010 പ്രകാരം താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4% quota യാണ് അനുവദിച്ചിട്ടുള്ളത്. അതുപ്രകാരം അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4%മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത്. പി.എസ്.സി.യിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് നിയമനം നൽകി വരുന്നു. ഇതിൽ ഉദ്യോഗക്കയറ്റം, വിടുതൽ, വിരമിക്കൽ എന്നിവമൂലം എണ്ണത്തിൽ കുറവ് വരുമ്പോൾ തസ്തികമാറ്റം നൽകി അനുവദനീയമായ എണ്ണം നിലനിർത്തുന്നുണ്ട്.

(സി) നിലവിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അസിസ്റ്റന്റ് കേഡർ സ്ട്രെങ്തിന്റെ 4% തസ്തികമാറ്റം വഴി നിയമനം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly